**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6316** **10-07-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് വാട്ടർ അതോറിറ്റി വിഭാഗം അമൃത് പദ്ധതി പ്രകാരം ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അമൃത് പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗരസഭയിലെ **1** മുതൽ **44** വാർഡുകളിൽപഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും, വിതരണ ശൃംഖലകൾ ദീർഘിപ്പിക്കുന്നതിനും **2750** എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി **13.89** കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രദേശത്ത് അമൃത് പദ്ധതിയ്ക്ക് എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തീകരിച്ചു നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയ്ക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര കൃഷ്ണൻ കോവിലിനടുത്ത് നിലവിലുള്ള പമ്പ്ഹൗസിനടുത്തായി നെയ്യാറിനു കുറുകെ തടയണയും, കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് 10.10 കോടി രൂപയുടെ - ഡി.പി.ആർ. അമൃത്-**2.0 (SWAP- 3)**-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ **(SMMU)**-ൽ നൽകിയിട്ടുണ്ട്. ഇതു കൂടാതെ അമൃത് പദ്ധതിയിൽ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ 500 കുടിവെള്ള കണക്ഷൻ നൽകുന്നതിനും പഴയ എ.സി. പൈപ്പുകൾ മാറ്റുന്നതിനുമായി 4.89 കോടി രൂപയുടെയും, മുല്ലൂർ വാർഡിലേക്കുള്ള പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും, വിതരണ ശൃംഖലകൾ ദീർഘിപ്പിക്കുന്നതിനും, കുടിവെള്ള കണക്ഷനുകൾക്കുമായി 1.057 കോടി രൂപയുടെയും ഡി.പി.ആർ ഭരണാനുമതിക്കായി SMMU വിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ